# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :19.09.2023

## പത്രക്കുറിപ്പ്

## പൊതു തെളിവെടുപ്പ് സെപ്റ്റംബർ 28ന്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, വൈദ്യുതി വിതരണത്തിനാവശ്യമായ ജോലികൾക്കുള്ള എസ്റ്റിമേറ്റ് നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായുള്ള പെറ്റീഷൻ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. പെറ്റീഷനും പുതുക്കിയ അനുബന്ധങ്ങളോടുകൂടി സമർപ്പിച്ച അഡീഷണൽ സബ്മിഷനും കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. പൊതുജനങ്ങളുടെ അഭിപ്രായം തേടുന്നതിനുള്ള ആഗസ്റ്റ് 23-ാം തീയതി നടത്താൻ നിശ്ചയിച്ചിരുന്ന പൊതുതെളിവെടുപ്പ് മാറ്റിവയ്ക്കുകയുണ്ടായി. **മാറ്റി വച്ച പൊതുതെളിവെടുപ്പ് സെപ്റ്റംബർ 28-ാം തീയതി വ്യാഴാഴ്ച കമ്മീഷന്റെ തിരുവനന്തപുരത്ത് വെള്ളയമ്പലത്തുള്ള കോർട്ട് ഹാളിൽ രാവിലെ 10:30 മണിക്ക്** നടത്തുന്നു. പൊതുതെളിവെടുപ്പിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വീഡിയോ കോൺഫറൻസ് മുഖാന്തിരവും പങ്കെടുക്കാം. വീഡിയോ കോൺഫറൻസ് മുഖാന്തിരം പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ സെപ്തംബർ 26-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി, പേരും വിശദ വിവരങ്ങളും ഫോൺ നമ്പർ, ഇ-മെയിൽ ഐഡി സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org എന്ന ഇ-മെയിലിൽ അറിയിയ്ക്കണം. കൂടാതെ തപാൽ മുഖേനയും ഇ-മെയിൽവഴിയും (kserc@erckerala.org) പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താം. ലഭിക്കുന്ന അഭിപ്രായങ്ങൾ സെപ്റ്റംബർ 28-ാം തീയതി വ്യാഴാഴ്ച, 05:00 PM വരെ സ്വീകരിക്കും. തപാൽ മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം,

സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ അയയ്ക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

സെക്രട്ടറി